**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2667** **12-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടിക വർഗ്ഗ കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളാണ് ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനു വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; | (എ) | ഉണ്ട്. അർഹരായ ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ലൈഫ് മിഷൻ 2020 ൽ ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം ലഭ്യമായ അപേക്ഷകളിന്മേൽ ഫീൽഡുതല പരിശോധന/പുനഃപരിശോധനയ്ക്ക് ശേഷം പ്രസിദ്ധീകരിച്ച കരട് ഗുണഭോക്തൃ പട്ടികയിൽ പട്ടികജാതി വിഭാഗത്തിൽ 64301 ഭൂമിയുള്ള ഭവനരഹിതരും 45014 ഭൂരഹിത ഭവനരഹിതരും ഉൾപ്പെട്ടിട്ടുണ്ട്. ലൈഫ് മിഷൻ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്നവർക്ക് സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുൻഗണനാക്രമത്തിൽ ആനുകൂല്യം അനുവദിക്കും. |
| (ബി) | സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളാണ് നിലവിലുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് ഭൂമിയും വീടും നൽകുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ? | (ബി) | ഉണ്ട്. സംസ്ഥാനത്ത് ഭവനരഹിതരും, വാസയോഗ്യമല്ലാത്ത വീടില്ലാത്തവരുമായ 16070 പട്ടികവർഗ്ഗക്കാരുണ്ടെന്ന് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ടി ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ആയതിൽ അർഹരെന്ന് കണ്ടെത്തിയ 13048 പേരിൽ 11214 പേരെ ലൈഫ് മിഷൻ അംഗീകരിക്കുകയും ഇതിൽ 6100 പേർ ഭവന നിർമ്മാണത്തിനായി കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി 2129 വീടുകളും, പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് 947 വീടുകളും ഉൾപ്പെടെ 3076 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പുനരധിവാസ മേഖലകളിൽ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 171 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിലവിലുള്ള കണക്ക് പ്രകാരം 7489 പേർ ഭൂരഹിതരാണ്. നിക്ഷിപ്ത വനഭൂമി വിതരണം, ലാന്റ് ബാങ്ക് എന്നീ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | പ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരെ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 126 പേർക്ക് 21.54 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിലായി 21.2 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ 109.259 ഹെക്ടർ ഭൂമി സർവ്വേ ചെയ്ത് 1254 പ്ലോട്ടുകളായി തരംതിരിച്ചിട്ടുണ്ട്. ആയത് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനാവകാശ നിയമം, 2006 പ്രകാരം 435 പേർക്ക് 782 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ